പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2829

20.06.2013 ൽ മറുപടിക്ക്

**എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്:<br>,, വി.പി. സജീന്ദ്രൻ:<br>,, ജോസഫ് വാഴക്കൻ:<br>,, സി.പി. മുഹമ്മദ്: | | ശ്രീ. അനുപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും നൽകുന്ന പദ്ധതിക്ക് രൂപം നൽകി യിട്ടുണ്ടോ: | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെ ല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പൊതു വിപണിയിലെ ഭക്ഷ്യധാന്യങ്ങ ളുടെ വിലക്കയറ്റം തടയുന്നതിനും കൂടു തൽ വിഭാഗങ്ങൾക്ക് 2/- രൂപ ധാന്യ വിതരണ പദ്ധതിയുടെ പ്രയോജനം ലഭി ക്കുന്നതിനുമാണ് 25.02.11 ൽ കിലോഗ്രാ മിന് 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി യത്. രണ്ടര ഏക്കറിൽ കൂടുതൽ ഭൂമി യുള്ള കുടുംബങ്ങൾ, പ്രതിമാസം 25,000/ രൂപയിൽ കൂടുതൽ കുടുംബ വരുമാന മുള്ളവർ, 2500 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുള്ള കുടുംബ ങ്ങൾ എന്നീ റേഷൻ കാർഡുടമകളെ ഒഴിവാക്കിയിട്ടുള്ള എ.പി.എൽ. കാർഡുടമ കളെ 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതി നായി സഹകരിക്കുന്നത് ; വിശദമാ ക്കുമോ: | (സി) | പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. മുഖേന യാണ് ലഭ്യമാക്കുന്നത്. കൂടാതെ സപ്ലൈ കോ സംഭരിക്കുന്ന അരിയും പദ്ധതിയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) | ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ? | (ഡി) 2013 ജൂൺ മാസത്തിൽ എ.പി.എൽ. സബ്സിഡി വിഭാഗത്തിൽപെടുന്ന കാർഡുടമകൾക്ക് 9 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2/-രൂപ നിരക്കിൽ നല്കിവരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 355.63 കോടി രൂപ ചെലവഴിച്ചു. 2013-14 സാമ്പത്തിക വർഷത്തിൽ സബ്സിഡി പദ്ധതിക്കായി 600/- കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ